"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -കോമേഴ്സ്, മ്യൂസിക് എന്നീ ബിരുദ വിഷയങ്ങൾ എച്ച്.എസ്.എ (സോഷ്യൽ സയൻസ്) അധ്യാപക യോഗ്യതയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.164/2022/GEDN തീയതി,തിരുവനന്തപുരം, 21-09-2022

---

പരാമർശം:-

1. സ.ഉ(പി) നം.76/80/പൊ.വി.വ തീയതി.06.06.1980
2. സ.ഉ(കൈ) നം.141/88/പൊ.വി.വ തീയതി 13.09.1988
3. സ.ഉ(കൈ) നം.175/05/പൊ.വി.വ തീയതി 03.06.2005
4. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 13.03.2020 ലെ പ്രോഗ്രാം 4/6007/2019/SCERT(L.Dis) നമ്പർ കത്ത്
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 27.08.2021 ലെ നം.A2-1/50011/2018-KPSC നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം എച്ച്.എസ്.എ(സോഷ്യൽ സയൻസ്) തസ്തികയുടെ യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ഡിഗ്രിയും ബിഎഡ്/ബി.ടി/എൽ.ടി യുമായിരുന്നു. പരാമർശം 2 ലെ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വിഷയങ്ങൾ ഹിസ്റ്ററി/എക്കണോമിക്സ്/ജ്യോഗ്രഫി/പൊളിറ്റിക്സ്/കോമേഴ്സ്/ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ/ഫിലോസഫി/മ്യൂസിക്/സോഷ്യോളജി എന്നിവയാണെന്ന് വ്യക്തമാക്കിയിരുന്നു. മേൽ വിഷയങ്ങളിൽ നിന്നും ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരാമർശം 3 പ്രകാരം ഒഴിവാക്കിയിരുന്നു.

2. സോഷ്യൽ സയൻസ് വിഷയങ്ങളിൽ ബിരുദവും ബി എഡും ഉള്ള ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ഹൈസ്കൂൾ വിഭാഗത്തിൽ സാമൂഹ്യശാസ്ത്രം എന്ന വിഷയത്തിലെ ഉള്ളടക്കം നല്ലവണ്ണം ക്ലാസ് മുറികളിൽ വിനിമയം നടത്താനും കുട്ടികളുടെ, ആ വിഷയത്തിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താനും സാധിക്കുകയുള്ളൂവെന്ന് പരാമർശം 4 പ്രകാരം എസ് സി ഇ ആർ ടി ഡയറക്ടറും പരാമർശം 5 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മിഷനും വ്യക്തമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോമേഴ്സ്, മ്യൂസിക് എന്നീ ബിരുദ വിഷയങ്ങൾ എച്ച്.എസ്.എ (സോഷ്യൽ സയൻസ്) അധ്യാപക യോഗ്യതയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
എസ്.സി.ഇ.ആർ.ടി ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്,വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 22-09-2022 11:28:21
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു:പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ജോയിൻറ് സെക്രട്ടറിയുടെ സി.എയ്ക്ക്